# പതിമൂന്നാം കേരള നിയമസഭ
## (പതിനാലാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4433 22/07/2015-ൽ മറുപടിയ്ക്ക്**

**തീരദേശറോഡുകളുടെ നിർമ്മാണം**

| ചോദ്യം<br>ശ്രീ. ബെന്നി ബെഹനാൻ:<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:<br>ശ്രീ. വർക്കല കഹാർ:<br>ശ്രീ. സണ്ണി ജോസഫ്: | | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ തീരദേശ റോഡുകളുടെ നിർമ്മാണത്തിനുള്ള പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. 2009-10 സാമ്പത്തികവർഷം മുതൽ 'തീരദേശ റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തൽ പദ്ധതി'യിൽ ഉൾപ്പെടുത്തി തീരദേശ റോഡുകളുടെ നിർമ്മാണവും പുനരുദ്ധാരണവും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | തീരദേശത്തെ പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, തീരദേശ വാർഡുകൾ, ഉൾനാടൻ മത്സ്യത്തൊഴിലാളികൾ പാർക്കുന്ന സ്ഥലങ്ങൾ, ഉൾനാടൻ മത്സ്യഗ്രാമങ്ങൾ, കായൽ/ റിസർവോയർ തീരങ്ങൾ, സർക്കാർ വക മത്സ്യം വളർത്തൽ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലൂടെ കടന്നുപോകുന്ന റോഡുകളാണ് 'തീരദേശ റോഡുകളുടെ നിലവാരം ഉയർത്തൽ പദ്ധതി'യിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നത്. ടി തീരദേശറോഡുകളുടെ നിർമ്മാണം/ പുനരുദ്ധാരണത്തിലൂടെ അവിടത്തെ മത്സ്യത്തൊഴിലാളികളുടെ യാത്രാസൗകര്യം സുഗമമാക്കുകയും തദ്വാര ജീവിതനിലവാരം മെച്ചപ്പെടുത്തുകയുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (സി) | ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ; | (സി) | തീരദേശറോഡുകളുടെ നിർമ്മാണത്തിനുള്ള സ്ഥലം ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പുമായി സഹകരിച്ചുവരുന്നു. |
| (ഡി) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ? | (ഡി) | ജനപ്രതിനിധികൾ, പ്രദേശ വാസികൾ എന്നിവരിൽ നിന്ന് ലഭിക്കുന്ന നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ അംഗീകരിച്ചു നൽകുന്ന ലിസ്റ്റ് പ്രകാരം റോഡിന്റെ എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കി സമർപ്പിക്കുന്നു. ടി റോഡുകൾക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്ന മുറയ്ക്ക് പ്രവൃത്തി നടപ്പിലാക്കിവരുന്നു. |

**സെക്ഷൻ ആഫീസർ**